**30.09.2023**

## KGBEU OU ബുള്ളറ്റിൻ 127/2023

സഖാക്കളെ,

## വിഷയം: ആശ്രിത നിയമനം

ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് സംഘടന ശക്തമായി ഇടപെട്ടതിനെ തുടർന്ന് ബന്ധപ്പെട്ട അപേക്ഷകൾ അതിൻറെ നടപടിക്രമത്തിലാണ് എന്ന വിവരം നാം ജീവനക്കാരെ അറിയിച്ചിരുന്നു. ഈ വിഷയത്തിൽ ഇന്നലെ നാം ചെയർമാനുമായി സംസാരിച്ചിരുന്നു. നടപടിക്രമങ്ങൾ അവ സാനഘട്ടത്തിലാണ് എന്നാണ് നമുക്ക് കിട്ടിയ പ്രതികരണം.

നമ്മുടെ ബാങ്കിൽ ആശ്രിത നിയമനം പുനഃസ്ഥാപിച്ചതിനു ശേഷം മരണപ്പെട്ട ജീവനക്കാരുടെ കുടുംബാംഗങ്ങളുടെ അപേക്ഷകളാണ് നിലവിൽ പരിഗണിച്ചിട്ടുള്ളത്. എന്നാൽ ആശ്രിത നിയമനം പുനഃസ്ഥാപിക്കുന്നതിനു മുന്നെ മരണപ്പെട്ട ജീവനക്കാരുടെ കുടുംബാംഗങ്ങളുടെ അപേക്ഷകളും പരിഗണിക്കണമെന്ന ആവശ്യമുന്നയിച്ച് നമ്മുടെ സംഘടന പ്രത്യക്ഷ പോരാട്ടങ്ങളും നിയമ പോ രാട്ടങ്ങളും നടത്തിവരികയാണ്. അത്തരം പോരാട്ടങ്ങളുടെ ഭാഗമായി DFS ൽ നിന്നും ഒരു ഉത്തരവ് വന്നിട്ടുണ്ട്. ആശ്രിത നിയമനം പുനഃസ്ഥാപിച്ച തീയതിക്ക് മുന്നെ അഞ്ചു വർഷത്തിനകം മരണപ്പെട്ട മുഴുവൻ കുടുംബാംഗങ്ങളുടെയും നിയമന അപേക്ഷകൾ പരിഗണിക്കണം എന്ന തിനോടൊപ്പം ദീർഘകാലം മുന്നെ മരണപ്പെട്ട ജീവനക്കാരുടെ കുടുംബാംഗങ്ങളുടെ അപേക്ഷക ളും പരിഗണിക്കാം എന്നാണ് ഉത്തരവിൽ പറയുന്നത്.

അതുപ്രകാരം അർഹരായ മുഴുവൻ ആളുകൾക്കും നിയമനം നൽകണമെന്ന് നാം ചെയർമാനോട് ആവശ്യപ്പെട്ടു. വളരെ പോസിറ്റീവ് ആയാണ് അദ്ദേഹം ഈ വിഷയത്തിൽ പ്രതികരിച്ചത്. അർഹരായ മുഴുവൻ ആളുകൾക്കും നിയമനം നൽകുമെന്ന് അദ്ദേഹം നമുക്ക് ഉറപ്പുനൽകി.

മരണപ്പെട്ട ജീവനക്കാരുടെ കുടുംബാംഗങ്ങളെ ബന്ധപ്പെട്ട് മുഴുവൻ ആളുകളോടും ആശ്രിത നിയമന അപേക്ഷ പരിഗണിക്കണമെന്ന ആവശ്യം ഉന്നയിച്ച് ബാങ്കിലേക്ക് കത്തെഴുതാൻ സഖാക്കൾ ഇടപെടണം.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)